എൽ.ഐ.സി.യുടെ ധനസഹായത്തോടെയുള്ള കുത്തുപറമ്പ് ശുദ്ധജലവിതരണ പദ്ധതി

33 (1718) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. ഐ. സി. യുടെ ധനസഹായത്തോടെ കുത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയ്ക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

തലസ്ഥാന നഗരിയിലെ മഴക്കാലത്തുള്ള വെള്ളപ്പൊക്കം തടയുന്നതിനും ഡ്രെയിനേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടി

34 (1719) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ മഴക്കാലത്തുള്ള വെള്ളപ്പൊക്കം തടയുന്നതിനും ഡ്രെയിനേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച നടപടികളുടെ പുരോഗതി വിലയിരുത്തുമോ ;

(സി) തലസ്ഥാനത്ത് ഡ്രെയിനേജ് സംവിധാനവും, സീവേജ് സംവിധാനവും മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സീവേജ് സെന്ററിൽ എത്തുന്നതിന് മുമ്പ് ഡ്രെയിനേജ് കരമനയാറിലും കിള്ളിയാറിലും കണ്ണമ്മൂലത്തോട്ടിലേയ്ക്കും രാത്രികാലങ്ങളിൽ തുറന്നുവിടുന്ന സംഭവങ്ങൾ ഉണ്ടാകാറുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തലസ്ഥാന നഗരിയിലെ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തമ്പാനൂരിലും, പവ്വർഹൗസ് ജംഗ്ഷനിലും പുതിയ പാലം തീരുന്നതോടെ വെള്ളപ്പൊക്കം നിയന്ത്രിക്കാമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ നിലവിലുള്ള സീവേജ് സംവിധാനങ്ങളിലുണ്ടാകുന്ന തടസ്സങ്ങൾ, കവിഞ്ഞൊഴുകലുകൾ എന്നിവ എത്രയും വേഗം പരിഹരിക്കുന്നതിനായി 'റണ്ണിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട്' വ്യവസ്ഥയിൽ 10 കോൺട്രാക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. സീവേജ് കുഴലുകളിൽ എക്കൽ കൂടുതലായി അടിയുമ്പോൾ നീക്കം ചെയ്യുന്നതിന് ട്രോളി മൗണ്ടഡ് സീവർക്ലീനിംഗ് മെഷീനുകളും, ബക്കറ്റ് ടൈപ്പ് സീവർ ക്ലീനിംഗ് മെഷീനുകളും ഉപയോഗിക്കുന്നുണ്ട്. ഇതുകൂടാതെ ഒരു ലോറി മൗണ്ടഡ് ജറ്റിംഗ് ആന്റ് സക്കിംഗ് മെഷീനും അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 'സർജൻ സീവേജ് സ്കീമിൽ' ഉൾപ്പെടുത്തി സമാന്തര പൈപ്പുലൈനുകൾ സ്ഥാപിക്കുക, മാൻഹോളുകൾ തമ്മിൽ അകലം കൂടുതലുള്ള ഭാഗങ്ങളിൽ പുതിയ മാൻഹോളുകൾ നിർമ്മിക്കുക, മാൻഹോളുകൾ റോഡുനിരപ്പിലേയ്ക്ക് ഉയർത്തുക തുടങ്ങിയ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്തുവരുന്നു.

(ബി) വിലയിരുത്തുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) തുറന്നുവിടാറില്ല. മാൻഹോളുകൾ കവിഞ്ഞൊഴുകി ആറുകളിലേയ്ക്ക് ഒഴുകാറുണ്ട്. പാരലൽ മെയിൻ കമ്മീഷൻ ചെയ്യുന്നതോടെ ഇതു പരിഹരിക്കപ്പെടുന്നതാണ്.

(ഇ) നിലവിലുള്ള ശേഷികുറഞ്ഞ (സീവർ) സീവർ ലൈനുകൾക്ക് സമാന്തരമായി പുതിയ ലൈൻ സ്ഥാപിക്കുക, അകലം കൂടുതലുള്ള മാൻഹോളുകൾക്ക് ഇടയിൽ പുതിയവ സ്ഥാപിക്കുക, കേടുപറ്റിയവ മാറ്റുക, തറ നിരപ്പിനേക്കാൾ താഴ്ന്നവ ഉയർത്തുക എന്നിവ അർബൻ സീവേജ് സ്കീമിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്യാനുദ്ദേശിക്കുന്നു. 1,945.8 ലക്ഷം രൂപയുടെ ഒരു പദ്ധതി ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കാൻ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

വടകര ഓഗ്മെന്റേഷൻ സ്കീമിലും ഒഞ്ചിയം ചോറോട് പദ്ധതിയിലും ജലം കുറയുന്നതും സംഭരിക്കുന്നതും സംബന്ധിച്ച പഠനം

35 (1720) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര ഓഗ്മെന്റേഷൻ സ്കീമിലും ഒഞ്ചിയം ചോറോട് പദ്ധതിയിലും വേനൽക്കാലത്ത് ജലം കുറയുന്നത് പരിഹരിക്കുന്നതും ജലം സംഭരിക്കുന്നതും സംബന്ധിച്ച് വാട്ടർ അതോറിറ്റി ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly